പൊതുപ്രവേശന പരീക്ഷയുടെ ചോദ്യങ്ങളും ഉത്തരങ്ങളും പ്രസിദ്ധീകരിക്കാൻ നടപടി

100 (2080) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ എഞ്ചിനീയറിംഗ് പൊതുപ്രവേശന പരീക്ഷ കഴിഞ്ഞശേഷം അവയുടെ ചോദ്യങ്ങളും ഉത്തരങ്ങളും പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ ഈ നടപടിക്രമം സ്വീകരിക്കും ;

(സി) ഈ നടപടി ക്രമം സ്വീകരിക്കുമ്പോൾ ഓരോരുത്തരും എഴുതിയ ഉത്തരം ശരിയാണോ എന്ന് അവരവർക്ക് പരിശോധിക്കുവാനുതകുന്ന എന്തെങ്കിലും സംവിധാനം നടപ്പാക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) ഓരോ പരീക്ഷാർത്ഥിയും ഉത്തരമെഴുതുമ്പോൾ അതിന്റെ കാർബൺ കോപ്പി പതിയുന്ന സംവിധാനമുണ്ടാക്കി അതിൽ പരീക്ഷാ കേന്ദ്രത്തിലെ ഇൻവിജിലേറ്റർമാർ ഒപ്പിട്ട് സീൽ പതിപ്പിച്ച് പരീക്ഷാർത്ഥിക്ക് കൊടുക്കുന്ന നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ ;

(ഇ) ഇതുമൂലം പൊതുപ്രവേശന പരീക്ഷയിൽ ക്രമക്കേടുകൾ ഒഴിവാക്കപ്പെടുകയില്ലേ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2000-മാണ്ടിലെ പ്രവേശന പരീക്ഷ മുതൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി&ഇ) പ്രായോഗികമല്ലാത്തതിനാൽ നിർവാഹമില്ല.

1999-ലെ എൻട്രൻസ് എക്സാമിനേഷനിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

101 (2081) ശ്രീ. കെ. സുധാകരൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-ലെ എൻട്രൻസ് എക്സാമിനേഷനിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെ കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൻട്രൻസ് പരീക്ഷാ നടത്തിപ്പിൽ ഉണ്ടായ തെറ്റുകൾക്ക് ആരാണ് ഉത്തരവാദിയെന്ന് വെളിപ്പെടുത്താമോ ;

(സി) ഇവർക്കെതിരെ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനെ തുടർന്ന് ചോദ്യപേപ്പറിൽ ഉണ്ടായ തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള കേസുകൾ ബഹു. ഹൈക്കോടതിയിലെത്തുകയും തുടർന്ന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പുനഃക്രമീകരിക്കുകയുമാണുണ്ടായത്. ചോദ്യകർത്താക്കളാണ് ഈ തെറ്റുകൾക്ക് ഉത്തരവാദികൾ. മേലിൽ ഇവരെ ചോദ്യപേപ്പർ ഉണ്ടാക്കാൻ നിയോഗിക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്.

മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ

102 (2082) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. മുരളി :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനത്തിനായി എത്ര പൊതു പ്രവേശന പരീക്ഷകൾ നടന്നു ;

(ബി) ഇതിൽ ഏതെല്ലാം പ്രവേശന പരീക്ഷക്കുശേഷം നടന്ന അഡ്മിഷനുകളിൽ ക്രമക്കേടുള്ളതായി ആരോപണം വന്നു ;

(സി) ഏതെല്ലാം പരീക്ഷയുടെ ഫലമായി നടത്തിയ പ്രവേശനങ്ങളെ ചോദ്യം ചെയ്തുകൊണ്ട് കോടതിയിൽ കേസ് നൽകി ;

(ഡി) ഈ കേസുകളിൽ ഉന്നയിക്കപ്പെട്ട വാദങ്ങൾ എന്തെല്ലാമായിരുന്നു ;

(ഇ) ഈ കേസുകൾ സംബന്ധിച്ച വിധിയെന്തായിരുന്നു ;

(എഫ്) ഈ വിധികളുടെ വെളിച്ചത്തിൽ എത്ര പരീക്ഷകളെ സംബന്ധിച്ച് നടന്ന പ്രവേശനം പുനഃപരിശോധിക്കേണ്ടതായി വന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശനത്തിനായി 1997 മേയ്, 1998 ജൂൺ, 1999 ജൂൺ എന്നീ വർഷങ്ങളിലായി മൂന്ന് പ്രവേശന പരീക്ഷകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly